കോടി രൂപയോണ ചെലവുചെയ്യാൻ ഉദ്ദേശിച്ചിട്ടുതെങ്കിൽ, സംസ്ഥാന പുനസ്സംഘടനയിലുണ്ടായിരുന്നതിനെയും മൊത്തം തുകയിൽ ഒരു മാറ്റവും വരാൻപോകുന്നില്ല. മദ്രാസ് സ്റ്റേറ്റിൽനിന്നു ഏതെങ്കിലും ഭാഗം നമ്മുടെ സ്റ്റേറ്റിനോടു ചേർക്കുന്നതെങ്കിൽ, ആ ഭാഗത്തിനുവേണ്ടി മദ്രാസിലെ പ്ലാനിന്റെ സംഖ്യ ഗവണ്മെന്റിനു നിന്നും ചുരുക്കുന്നതിനു നിർബന്ധിതമാവും.

ശ്രീ. ടി. കെ. ദിവാകരൻ: പ്ലാനിൽ ഓരോ ഡിസ്ട്രിക്റ്റിനും തുക പ്രത്യേകം അനുവദിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുവിധത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ഓരോ ഡിസ്ട്രിക്റ്റിന്റെ പരിശോധനയിൽ അതാതിന്റെ ആവശ്യങ്ങൾക്കു; പിന്നെ, വിദ്യാഭ്യാസം മുതലായ സാമാന്യ ആവശ്യങ്ങൾക്കു, അതായതു് കൂടുതൽ സ്കൂളുകൾ, ആശുപത്രികൾ മുതലായവയ്ക്കു്. അതു ജനസംഖ്യയുടെ പ്രതിനിധിസരിച്ചായിരിക്കും.

ശ്രീ. പി. കെ. യശോധരൻ: മദ്രാസ് സംസ്ഥാനം മലബാറിനെ അവഗണിച്ചിരിക്കുകയാണെന്നുള്ള വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാനല്ല അതു പറയേണ്ടതു്.

മി. സ്പീക്കർ: ഇതിനെക്കുറിച്ചു ഡിസ്കഷൻ അനുവദിക്കാൻ നിവൃത്തിയില്ല. ചീഫ് മിനിസ്റ്റർ അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റു് മുൻപിൽ വച്ചിരിക്കുകയാണു്. അതിൽ കവിഞ്ഞൊന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ പ്ലാൻ അനുസരിച്ചു് നമ്മുടെ ഗവണ്മെന്റിന്റെ അധികാരപരിധിയിൽപ്പെട്ട സ്റ്റേറ്റിനകത്തുള്ള എല്ലാ പ്രവർത്തനങ്ങളും തുടർന്നുപോകുന്നതിനു് സാധിക്കുന്നതാണു്. സംസ്ഥാനങ്ങൾ എന്തു മാറ്റംവന്നാലും ഇപ്രകാര പ്രവർത്തനങ്ങൾ കുഴപ്പംകൂടാതെ തുടരുന്നതായിരിക്കും.

MR. SPEAKER: Now, let us go to Legislative Business.

LEGISLATIVE BUSINESS.

The Travancore-Cochin Debt Relief Bill.

Motion for extension of time for Select Committee Report.

Home Minister (SHRI A. J. JOHN): I move that the time for the making of the Report of the Select Committee on the Travancore-Cochin Debt Relief Bill be extended up to the 31st March 1956.

Minister for Health (SHRI A. A. RAHIM): I second it.

ശ്രീ. പി. വി. അബ്ദുറഹിമാൻ: സർ, റൂൾ 87 അനുസരിച്ചു്, ഒരു നിയമസഭ കഴിഞ്ഞാൽ, അടുത്ത നിയമസഭ കൂടുന്നതിനു മുൻപു് സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടണമെന്നുണ്ടു്. ഇതിന്റെ സെലക്ട് കമ്മിറ്റി ഇതുവരെ വിളിച്ചുകൂട്ടിയിട്ടില്ല. കാരണം എന്താണെന്നറിഞ്ഞാൽകൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ സംബന്ധിച്ചു സെലക്ററ്കമ്മിറ്റി വിളിച്ചുകൂട്ടിയിട്ടുണ്ട്. ഈ ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനയ്ക്കു വിപരീതമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായി കണ്ടറിഞ്ഞാൽ ഇപ്പോൾ ആലോചിക്കാൻ നിവൃത്തിയില്ലെന്നു പറഞ്ഞു മാററിവയ്ക്കുകയാണുണ്ടായത്. അപ്പോഴത്തെ സമയത്തു ഇങ്ങനെയൊരു ബിൽ കൊണ്ടുവരേണ്ട ആവശ്യമുണ്ടോ എന്നു ഗവണ്മെൻറ് ആലോചിക്കാമെന്നും പറഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു മുഴുവൻ ശരിയല്ല. കഴിഞ്ഞ നിയമസഭ കൂടിക്കൊണ്ടിരിക്കുമ്പോൾ ഈ ബില്ലിൻെറ സെലക്ററ്കമ്മിറ്റി ഒരു പ്രാവശ്യം കൂടുകയുണ്ടായി. ആ അവസരത്തിൽ, ലാ ഡിപ്പാർട്ടുമെൻറ്, ഇതു ഭരണഘടനയുടെ വ്യവസ്ഥകൾക്കു വിപരീതമാണെന്ന ഒരു വാദം ഉന്നയിച്ചു. എന്നാൽ ഞങ്ങളിൽ ചിലർ സെലക്ററ്കമ്മിറ്റിയിലെ അംഗങ്ങൾ ഈ ബില്ലിൽ ഭരണഘടനാവിരുദ്ധമായി ഒന്നുംതന്നെയില്ലെന്നും, ഹൈദരാബാദിൽ ഇതു പോലെ ഒരു ബിൽ പാസ്സാക്കിയിട്ടുണ്ടെന്നും അഭിപ്രായപ്പെട്ടു. എതു നിലയിലും ഭരണഘടന ഭേദഗതി ചെയ്യുന്നതിനു പാർലമെൻറിൽ ബിൽ കൊണ്ടുവന്നിട്ടുള്ള സ്ഥിതിക്കു, ആ ഭേദഗതി പാസ്സാക്കിക്കഴിഞ്ഞാൽ ഈ ബിൽ നിയമമാക്കുന്നതിൽ തെററില്ലെന്നു് മിക്കവാറും എല്ലാ അംഗങ്ങളും സമ്മതിക്കുകയുണ്ടായി. ഹൈദരാബാദിലെ ആക്ടും ഒന്നു പരിശോധിക്കുന്നതിനു സമയംവേണമെന്നു ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടു. അതുകൊണ്ടു നിയമസഭ കഴിഞ്ഞതിനുശേഷം ഈ ബില്ലിൻെറ സെലക്ററ്കമ്മിറ്റി വീണ്ടും വിളിച്ചുകൂട്ടാമെന്നു് അദ്ദേഹം സമ്മതിച്ചു. ഇത്രയുംമാത്രമേ സെലക്ടുകമ്മിറ്റിയിൽ ഉണ്ടായുള്ളു. ഇതിനിടയിൽ ഭരണഘടനാഭേദഗതിനിയമം നടപ്പിലാക്കിട്ടുണ്ട്. അതിനുശേഷം മാസങ്ങളും കുറെ കഴിഞ്ഞു. എന്നിട്ടും എന്തുകൊണ്ടു സെലക്ററ്കമ്മിറ്റി വിളിച്ചുകൂട്ടി റിപ്പോർട്ടു ഹാജരാക്കാൻ സാധിച്ചില്ല. ഇതിനു് മന്ത്രി ഒരു വ്യക്തീകരണം നൽകുമെന്നു വിശ്വസിക്കുന്നു.

സർ, നാട്ടിലെ സാധാരണക്കാർക്കു്, ഇടത്തരക്കാർക്കു മാത്രമല്ല, കാൺഗ്രസ്സുകാർക്കുപോലും വളരെ ആവശ്യമെന്നു തോന്നുന്ന ഒരു നിയമമാണിതു്. കാൺഗ്രസ്സുകാർപോലും ഇതു ഉടനെ പാസ്സാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു പ്രമേയം പാസ്സാക്കിയതുമാണു്. ഇത്ര പ്രധാനമായ ഒരു ബിൽ പാസ്സാക്കുന്നതിനു മടിക്കുന്നതിൻെറ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എ. ജെ. ജാൺ: ബഹുമാനപ്പെട്ട മെംബർ ശ്രീ. രാഘവക്കുറുപ്പു് കഴിഞ്ഞ സെലക്ററ്കമ്മിറ്റിയിൽ ഹാജരുണ്ടായിരുന്നതായി കാണുന്നില്ല. ആരോ പറഞ്ഞുകേട്ടതു പറയുക ആയിരിക്കും.

ശ്രീ. എം. പി. മേനോൻ: ഞാൻ ഹാജരുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞതു എല്ലാം ശരിയാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഞാൻ ഹാജരുണ്ടായിരുന്നതാണു്. ഇല്ലെന്നു കാണുന്നതു് ശരിയല്ല.

ശ്രീ. എ. ജെ. ജാൺ: സെലക്ററ്കമ്മിറ്റിയിൽ ഹാജരുണ്ടായിരുന്നവർ:—മെസ്സേഴ്സു് എ. ജെ. ജാൺ, കെ. പി. ഹാർമിസു്, കെ. സി. ജാർജ്ജു്, എം. പി. മേനോൻ, ചാഴിക്കാട്ടു ജോസഫു്, പി. വി. അവിരാതരകൻ എന്നിവരായിരുന്നു. ഇതാണു് റിപ്പോർട്ടിൽ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: പറഞ്ഞതെല്ലാം ശരിയാണെന്ന മറ്റൊരു മെംബർ പറയുന്നു. അതിനു മറുപടി കേട്ടാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൻ: അതാണു പറഞ്ഞതു്. ഏപ്രിൽ 16-നാണു സെലക്ട് കമ്മിറ്റി കൂടിയതു്. അന്നു അവിടെ പറഞ്ഞതു് ഈ ബില്ലിലെ ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം കൊടുക്കാനുള്ള തുകകൾ വെട്ടി കുറയ്ക്കണമെന്നും, പ്രതിഫലംകൂടാതെ വെട്ടിക്കുറയ്ക്കണമെന്നും അഭിപ്രായമുണ്ടായി. ഭരണഘടന പാർലമെന്റിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെന്നും, അതു പാസ്സാക്കിയതിനുശേഷം ഈ ബിൽ ആലോചനയ്ക്കു് എടുക്കാമെന്നുമാണു പറഞ്ഞതു്. ഗവണ്മെന്റിൽ നിന്നും ഈ ബിൽ അവതരിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നു ആലോചിക്കാമെന്നും പറയുകയുണ്ടായി. ഇത്രയുമാണു ഉണ്ടായതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഹൈദരാബാദിലെ ബില്ലിനെപ്പറ്റി പറഞ്ഞല്ലൊ. അതുപോലെ ഒരു ബിൽ ഇവിടെയും കൊണ്ടുവരാവുന്നതല്ലേ?

ശ്രീ. എ. ജെ. ജാൻ: ആ ബില്ലിനെപ്പറ്റി പറഞ്ഞതായി ഓർമ്മയില്ല.

ശ്രീ. ടി. വി. തോമസ്: സർ, ജന്മനിവാരണബിൽ ഗവണ്മെന്റു ഭാഗത്തുനിന്നും കൊണ്ടുവരാതിരുന്നതുമൂലം ഒരു വിഭാഗം ജനങ്ങൾക്കു വലിയ അതൃപ്തിയുണ്ടെന്നു ഒരുപക്ഷേ ഗവണ്മെന്റു മനസ്സിലാക്കുന്നില്ലായിരിക്കാം. നാട്ടിലെ ജനങ്ങൾക്കു ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമുണ്ടെന്നു ആദ്യന്തം മന്ത്രി പോലും സമ്മതിക്കുമെന്നാണു എന്റെ വിശ്വാസം. ഇന്നത്തെ സാമ്പത്തികാധഃപതനാവസ്ഥയിൽ, വിശേഷിച്ചും രണ്ടാംപഞ്ചവത്സരപദ്ധതി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന ഈ പരിതസ്ഥിതിയിൽ ഒരു റാഡിക്കൽ ലാൻഡ് റിഫോമും ജന്മനിവാരണം സംബന്ധിച്ചു കർശനമായ ഒരു നിയമവും നടപ്പിലാക്കിയില്ലെങ്കിൽ ജനങ്ങളുടെ സാമ്പത്തിക മായ അവശതകൾക്കും ഉർവഹമായ ജന്മബാദ്ധ്യതകൾക്കും യാതൊരു ശമനവും ഉണ്ടാകുന്നതല്ലെന്നും ഈ പ്ലാനോ, പദ്ധതികളോ അതു സംബന്ധിച്ചുള്ള ചർച്ചകളോകൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നതല്ലെന്നും ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടതാണു്. ഈ ജന്മനിവാരണ ബില്ലിനെ സംബന്ധിച്ചു സെലക്ട് കമ്മിറ്റി ചെയ്ത സമീപനരീതി ഒരിക്കലും അഭിനന്ദനീയമായിരുന്നില്ല. എന്തോ ഭരണഘടനയ്ക്കു പൊരുത്തമില്ലെന്നുള്ള വാദം ഉന്നയിച്ചുകൊണ്ടു്, അതിനെതിരായി പ്രകടമായ വസ്തുതകൾ ചൂണ്ടിക്കാണിച്ചിട്ടുപോലും, ഹൈദ്രാബാദിൽ ഇതുപോലെയുള്ള ഒരു നിയമം ഉണ്ടെന്നു പറഞ്ഞിട്ടുപോലും, ഭരണഘടനയുടെ പേരിൽ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ടു്, സെലക്ട് കമ്മിറ്റി ഇതിനെപ്പറ്റി ആലോചിക്കാതിരുന്നതു ഈ സഭയോടു കാണിച്ച ഒരവഗണനതന്നെയാണെന്നു കരുതേണ്ടതാണു്. ഇതു പുനരാലോചനക്കെടുക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽതന്നെ ആ വാദം ഈ സഭയുടെ മുമ്പാകെ വച്ചിട്ടു അതിനു പരിഹാരം ഉണ്ടാക്കുന്നതിനു പകരം സെലക്ട് കമ്മിറ്റിക്കു റഫർ ചെയ്തിട്ടു് സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടാതിരുന്നതു അക്ഷന്തവ്യമായ ഒരപരാധമാണു്. ഇതിന്റെ പേരിൽ ഫ്രാൻസിസ് മുഴുവൻ ആഭ്യന്തരകാര്യമന്ത്രി കയ്യടക്കിവച്ചിരിക്കുകയാണെന്നു ഞാനറിയുന്നു. സിക്രട്ടറിയറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. വി. തോമസ്സ്]

അതുണ്ടായിരുന്നു എങ്കിൽ ഒരുപക്ഷെ സെലക്ട് കമ്മിറ്റി വിളിച്ചുകൂട്ടാനിടവന്നെങ്കിലോ എന്നു കരുതി ഇതിന്റെ പേപ്പേഴ്സ് മുഴുവൻ അദ്ദേഹം കൈയടക്കിവച്ചിരിക്കുകയാണു്. ലാൻഡ് കോൺസിനെ സംബന്ധിച്ചായാലും ജുണനൈൽ വാരണത്തെ സംബന്ധിച്ചായാലും അതുപോലെ ജനങ്ങൾക്കു ഗുണം വരുന്ന എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ഗവണ്മെന്റു കാണിക്കുന്ന ആ പിന്തിരിപ്പൻ നയം ജനദ്രോഹമാണെന്നു പറയാതെ തരമില്ല. ഈ ടൈം എക്സ്റ്റൻഷൻ മോഷനെ എതായാലും ഞാനെതിർക്കുന്നില്ല. എതിർത്താൽ അതിൽവച്ചു വരാവുന്ന ഭവിഷ്യത്തുകൾ ഞാനറിയുന്നുണ്ടു്. അതുകൊണ്ടു ഞാൻ മോഷനെ അനുകൂലിക്കുന്നു. അതോടൊപ്പം ഇങ്ങനെയൊരു ബിൽ പാസ്സാക്കുന്നതിൽ ഭയങ്കര ബഹുമതി ഇഷ്ടമില്ലെങ്കിൽ അക്കാര്യം തുറന്നു പറയണം. ഇങ്ങനെയൊരു ബില്ല് നെപ്പറ്റി പര്യാലോചിക്കുവാൻ സെലക്ട് കമ്മിറ്റിയുടെ ചെയർമാനായിരിക്കുവാൻ ഇഷ്ടപ്പെട്ടന്നില്ലെങ്കിൽ ആ സ്ഥാനം രാജികൊടുത്തു മാറുകയാണു വേണ്ടതു്. അല്ലാതെ തൊഴുത്തിൽ കയറിയിരിക്കുന്ന പട്ടിയെപ്പോലെ മനുഷ്യരെ ഉപദ്രവിക്കരുതു്.

ശ്രീ. കെ. പി. ഹാർമീസു് : ഹൈദ്രാബാദിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവരികയോ, പാസ്സാക്കുകയോ ചെയ്തിട്ടില്ലെന്നാണെന്റെ അറിവു്.

ശ്രീ. പി. വി. അവിരാത്തരകൻ : ഹൈദ്രാബാദിൽ ഇങ്ങനെയൊരു ബിൽ പാസ്സാക്കിയിട്ടുണ്ടു്. ലൈബ്രറിയിൽ നിന്നും ഞാൻതന്നെ എടുത്തുകൊണ്ടുവന്നു അതു സെലക്ട് കമ്മിറ്റിക്കു കൊടുത്തിട്ടുമുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കാൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു ഈ ബിൽ ഇവിടെ കൊണ്ടുവരുവാൻ പാടില്ല എന്നും പറഞ്ഞു. ഇപ്പോൾ ആ തടസ്സം മാറിയോ ?

ശ്രീ. എ. ജെ. ജാൻ : ഭരണഘടനയിൽ ഇപ്പോൾ ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടു്. അതിനു വിധേയമായി ഒരു ബിൽ ഗവണ്മെന്റുഭാഗത്തുനിന്നും കൊണ്ടുവരുന്നതിനെപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞതു് അതുകൊണ്ടാണു്.

ശ്രീ. ടി. വി. തോമസ്സു് : എതായാലും ഈ ബിൽ എത്രയും വേഗത്തിൽ പാസ്സാക്കിക്കിട്ടുവാൻ ഗവണ്മെന്റും ഈ സഭയും കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

ശ്രീ. എ. ജെ. ജാൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് ഇവിടെ എന്തെല്ലാമോ പറഞ്ഞു. ഞാൻ ചില റിക്കാർഡുകളും എല്ലാം കൈയടക്കിവച്ചിരിക്കയാണെന്നും മറ്റും പറഞ്ഞു. അതു് അദ്ദേഹത്തിനു യോജിച്ച ഒരു ദോഷയായിരുന്നു എന്നല്ലാതെ മറ്റൊന്നും എനിക്കു പറയുവാനില്ല. ഇവിടെ കഴിഞ്ഞ മൂന്നുനാലു ദിവസങ്ങളിലും സെലക്ട് കമ്മിറ്റിയോഗങ്ങൾ കൂടിക്കൊണ്ടിരിക്കുകയായിരുന്നു. ഹൈദ്രാബാദിലെ ബിൽ സെലക്ട് കമ്മിറ്റിയിൽ കാണിച്ചു എന്നു പറയുകയുണ്ടായി. ഞാൻ അതു കാണിച്ചില്ല. അതേയവസരത്തിൽ മദ്രാസ്സിലെ നിയമത്തെക്കുറിച്ചു പരാമർശനമുണ്ടായി. മദ്രാസിലെ പോലെ മുതലിനെ സംബന്ധിച്ചുള്ള തുക കുറയ്ക്കാതെ തവണ അനുസരിച്ചു അടച്ചു

LIBRARY ARCHIVES Kerala Legislative Assembly

തീർക്കുവാൻ വ്യവസ്ഥ ചെയ്യുന്ന തരത്തിൽ ഒരു ബിൽ അവതരിപ്പിച്ചാൽ അത് നെപ്പറ്റി ആലോചിക്കാമെന്നു ഞാൻ പറയുകയുണ്ടായി. അതുപോരാ, നൂറു രൂപ കൊടുക്കാനുണ്ടെങ്കിൽ മുപ്പതോ, നാൽപ്പതോ രൂപയാക്കി കുറവു ചെയ്യണമെന്ന വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ പാസ്സാക്കണമെന്നാണ് ആവശ്യപ്പെട്ടതു്. അതിനെ അനുകൂലിക്കാൻ ഗവണ്മെന്റിനു സാദ്ധ്യമല്ല. പൊതുജനാഭിപ്രായമല്ല ഏതെല്ലാം ബില്ലുകളാണു് ഉപയോഗപ്രദമാകുന്നതു് എന്നു ഗവണ്മെന്റ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലമായി ഇതുപോലെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടതാണെന്നു ഗവണ്മെന്റിനു തോന്നിയാൽ, ഗവണ്മെന്റുഭാഗത്തുനിന്നുതന്നെ ഒരു ബിൽ അവതരിപ്പിക്കാമെന്നും പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും ഞാൻ നിഷേധിക്കുന്നു. ഇതിന്റെ സെലക്ട്കമ്മിറ്റിയോഗം വിളിച്ചുകൂട്ടുന്നതിനും അതിന്റെ ചെയർമാനായിരിക്കുന്നതിനും മറ്റാരേയെങ്കിലും നിയമിക്കണമെന്നുണ്ടെങ്കിൽ അതിനെനിക്കു ഒരു വിരോധവുമില്ല. എന്നായാലും ഈ സെലക്ട്കമ്മിറ്റി റിപ്പോർട്ടിന്റെ കാലാവധി 1956 മാർച്ചു് 31-ാംതീയതിവരെ നീട്ടിത്തരണമെന്നു ഞാനാവശ്യപ്പെടുന്നു.

ശ്രീ. ടി. വി. തോമസ്: സർ, സെലക്ട്കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം അദ്ദേഹം രാജിവയ്ക്കാമെന്നു പറയുകയാണു്.

മി. സ്പീക്കർ: അക്കാര്യം രാജിവയ്ക്കുമ്പോൾ ആലോചിക്കാം.

The question that the time for the making of the Report of the Select Committee on the Travancore-Cochin Debt Relief Bill be extended up to the 31st March 1956 was put and carried.

The Travancore-Cochin Malayala Brahmin Bill Motion for Extension of Time for Select Committee Report.

Home Minister (SHRI A. J. JOHN): I move that the time for the making of the Report of the Select Committee on the Travancore-Cochin Malayala Brahmin Bill be extended up to the 31st March 1956.

Minister for Health (SHRI A. A. RAHIM): I second the motion.

ശ്രീ. ടി. വി. തോമസ്: സർ, ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതുകൊണ്ടു് യാതൊരു ദോഷവും ഉണ്ടാകുന്നതായില്ല. ഈ ബിൽ നിയമമാക്കുന്നപക്ഷം ഈ രാജ്യത്തു് ഒരു വിഭാഗം ജനങ്ങൾക്കു ഗുണം വരുമെന്നുള്ളതൊഴിച്ചു മറ്റൊരു തരക്കേടും വരാനില്ല.

ശ്രീ. എ. ജെ. ജോൺ: സെലക്ട്കമ്മിറ്റി മൂന്നു മണിക്കാണു കൂടുവാൻ നിശ്ചയിച്ചിരുന്നതു്. മൂന്നര മണിവരെ ഞാനും വേറെ രണ്ടു മെമ്പറന്മാരും ഹാജരുണ്ടായിരുന്നു. ശ്രീ. ദാമോദരൻപോറ്റിയും നാരായണൻപോറ്റിയുമാണു ഹാജരുണ്ടായിരുന്ന അംഗങ്ങൾ. ഇതിനും പുറമെ, ഹിന്ദു ലാ കമ്മിറ്റിയുടെ ചെയർമാൻ പാർലമെന്റിൽ നടക്കുകയാണു്. അതു അവിടെ പാസ്സായാൽ ഇങ്ങനെയൊരു ബിൽ ഇവിടെ പാസ്സാക്കേണ്ടയാവശ്യംതന്നെ, ഒരുപക്ഷേ വേണ്ടിവരുന്നതല്ല. അതുകൊണ്ടായിരിക്കുമോ എന്തോ മറ്റു മെമ്പറന്മാർ വരാതിരുന്നതെന്നും അറിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly